ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉറപ്പുനൽകിയതുപോലെ ഈ വർഷംതന്നെ പണിയാരംഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. 1978-ൽ 30 ബോട്ടുകളും തകർന്നു. 1982-ൽ രണ്ട് ബോട്ടുകളും തകർന്നു. എല്ലാ വർഷങ്ങളിലും തകരുകയാണ്. മേലിലെങ്കിലും തകരാതിരിക്കാൻ ഒരു സുരക്ഷിതത്വം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർ നേരത്തെതന്നെ വിവരങ്ങളും പറഞ്ഞിട്ടുണ്ട്. നാല് പ്രോജക്ടുകളുണ്ട്, ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്താണ്. അതിലൊന്നാണ് ഈ പദ്ധതി. പക്ഷേ അദ്ദേഹം പറഞ്ഞ കണക്കിൽ ഒന്നും മാത്രം തെറ്റിപ്പോയി. 507 ലക്ഷം അല്ല, 851.55 ലക്ഷമാണ്. പുതിയാപ്പ പ്രോജക്ട് ഏഴാം പദ്ധതിയിൽ തീർക്കുമെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പക്ഷേ ഏഴാം പദ്ധതിക്ക് അവസാന രൂപം കൊടുത്തുകഴിഞ്ഞിട്ടില്ല. സത്യം പറഞ്ഞാൽ, ഇന്നത്തെ സ്ഥിതി വച്ചുനോക്കുമ്പോൾ, ചെലവ് വരുന്നത് 50:50 ആണ്. ഗവൺമെന്റ് 50 ശതമാനം സംഗ്രഹൻ ചെയ്തുകൊണ്ട്, പ്രോജക്ട് തയ്യാറാക്കി ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരത്തിന് അയച്ചിരിക്കുകയാണ്. ആ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ ഈ വർക്ക് ഉടനെതന്നെ ടേക്കപ്പ് ചെയ്യാൻ സാധിക്കും. അതൊഴിച്ച് അവരുടെകൂടി അംഗീകാരമില്ലാതെ വന്നാൽ മുഴുവൻ സംഖ്യയും നമ്മളം ചെലവ് ചെയ്യേണ്ടിവരും. അതിന് സ്റ്റേറ്റിന് പരിമിതമുണ്ട്. എങ്കിൽ പോലും ഏഴാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ കഴിയും. കാരണം കേന്ദ്രഗവൺമെന്റ് കൂടി അംഗീകരിച്ചിട്ടുള്ള പദ്ധതിയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രൊവിഷനില്ലായെന്ന് പറഞ്ഞു. കിട്ടിയാലും അടുത്ത വർഷം ഇതിന്റെ പണി തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ വർഷം പണി തുടങ്ങുമെന്ന് പറഞ്ഞിട്ടുണ്ട്. ആ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമെങ്കിലും നടപ്പിലാക്കാൻ വേണ്ടി ഈ പണി തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: ബഡ്ജറ്റിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പിലാക്കുന്നതാണ്. പക്ഷേ കുറച്ച് ദിവസം കഴിഞ്ഞേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

IV. സബ്മിഷൻ

(i) മാവൂർ റയോൺസ് ഫാക്ടറിയിലെ തൊഴിൽ സമരം

ശ്രീ. കെ. പി. രാമൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിലെ തൊഴിലാളികൾ രണ്ടു മാസമായി സമരത്തിലാണ്. ഇതിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു പ്രാവശ്യം കോൺഫറൻസ് വിളിച്ചെങ്കിലും മാനേജുമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് സ്വീകരിക്കാത്തതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിച്ചില്ല. മാത്രമല്ല കഴിഞ്ഞമാസം 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ മാനേജുമെന്റ് പങ്കെടുക്കാൻ തയ്യാറായില്ല. ഇങ്ങനെയുള്ള തൊഴിലാളിവിരുദ്ധമായ നടപടിയാണ് മാനേജുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ പോലീസിന്റെ ഭാഗത്തുനിന്നു തൊഴിലാളികൾക്ക് ഉപദ്രവമുണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്റ്റാഫ് കമ്മീഷണർട്ടേഴ്സ് പരിസരത്ത് സമാധാനപരമായി തൊഴിലാളികൾ പന്തൽ വച്ചുകെട്ടിയപ്പോൾ ആ തൊഴിലാളികളെ പോലീസ് അറസ്റ്റ് ചെയ്തു. ഈ കഴിഞ്ഞ ബക്രീദ് പെരുന്നാൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ ആഘോഷപൂർവ്വം ആഘോഷിച്ചപ്പോൾ ഈ തൊഴിലാളികൾ പട്ടിണിയിലായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും എത്രയുംവേഗം ഒരു കോൺഫറൻസ് വിളിച്ച് രമ്യമായി പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 19-8-1985-ൽ കൂടിയ കോൺഫറൻസിൽ തന്നെ തൊഴിലാളി പ്രതിനിധികളുമെല്ലാമായി ആലോചിച്ച് 13-9-1985-ൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് കോൺഫറൻസ് വിളിച്ചുകൂട്ടി ഒത്തുതീർപ്പാക്കാനുള്ള ശ്രമം തുടരുന്നതാണ്.

(ii) കെ. എസ്. ആർ. ടി. സി.-യിലെ അദർ ഡ്യൂട്ടി സമ്പ്രദായം നിറുത്തലാക്കിയതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ഇ. ഇസ്മയിൽ: കേരളത്തിലൊട്ടാകെയുള്ള പതിനായിരക്കണക്കിനുവരുന്ന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. കെ. എസ്. ആർ. ടി. സി. കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിരുന്ന അദർ ഡ്യൂട്ടി സമ്പ്രദായം നിറുത്തിയതിനെ തുടർന്നാണ് ഇത്രയും വലിയ ബുദ്ധിമുട്ട് ജനങ്ങൾ അനുഭവിക്കേണ്ടിവന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ദീർഘകാലമായി നടപ്പിലാക്കിക്കൊണ്ടിരുന്ന ഈ സമ്പ്രദായം നിറുത്തിയതിനെത്തുടർന്ന് ഇപ്പോൾ റിസർവേഷൻ കൗണ്ടറിലോ എൻക്വയറി കൗണ്ടറിലോ അതുപോലെതന്നെ സ്റ്റേഷൻ മാസ്റ്ററർ ആഫീസിലോ ആളില്ലാത്ത സ്ഥിതിയാണുള്ളത്. അദർ ഡ്യൂട്ടി നിറുത്തി എന്നതിന്റെ പേരിൽ, ഡീസൽ അടിക്കാൻ ആളില്ലാത്തതിന്റെ പേരിൽ ട്രിപ്പുകൾ മുടങ്ങുന്നു. വിവരങ്ങൾ അന്വേഷിക്കാൻ ആയിരക്കണക്കിന് ആളുകൾ വരുന്നു. ഓരോ ട്രാൻസ്പോർട്ട് സ്റ്റേഷനിലും എപ്പോഴാണ് ബസ് വരിക, എപ്പോഴാണ് പോവുകയെന്ന് അന്വേഷിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് നിലവിലുള്ള ഒഴിവുകൾ നികത്താതെ ഇത്തരം സമ്പ്രദായം നടപ്പിലാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ.എൻ. സുന്ദരൻ നാടാർ): കെ.എസ്.ആർ.ടി.സി. യിൽ വിവിധ വിഭാഗങ്ങളിൽപെട്ട ജീവനക്കാർ അവരുടെ നിർദ്ദിഷ്ട ജോലിയല്ലാതെ മറ്റ് പല ജോലികളും ചെയ്തുവന്നിരുന്നു. ഇതിനെയാണ് അദർ ഡ്യൂട്ടി സമ്പ്രദായമെന്ന് വിശേഷിപ്പിക്കുന്നത്. കാലക്രമേണ ഈ സമ്പ്രദായം വ്യാപകമായി വരികയും അനുവദിക്കാവുന്നതിനെക്കാൾ കൂടുതൽ ജീവനക്കാർ ഈ രീതിയിൽ അദർ ഡ്യൂട്ടിയിൽ കഴിയാൻ ശ്രമിക്കുകയും ചെയ്തു. തൻമൂലം ഷെഡ്യൂൾ സർവ്വീസിൽ തന്നെ കുറവുണ്ടാകുകയുണ്ടായി. ഇത് ഗവൺമെന്റ് സൂക്ഷ്മം വീക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 13-8-1985 മുതൽ അദർ ഡ്യൂട്ടി സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്തു. 1669 ജീവനക്കാ

LIBRARY ARCHIVES Kerala Legislative Assembly